ശ്രീമതി കെ. ഓ. അയിഷാബായി : കഴിഞ്ഞ കാലങ്ങളിൽ വളരെ യധികം സ്വീസുള്ള നേഴ്സുമാക്കു് പ്രമോഷൻ കൊടുക്കാമെന്നു് പറഞ്ഞിരുന്നു വെങ്കിലും ഇതുവരെയും അവരുടെ പ്രമോഷൻ അനുസരിച്ചുള്ള ഒരു കാര്യവും ഗവണ്മെൻറു് സ്വീകരിച്ചിട്ടില്ലെന്നുള്ളതു് അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങനെയൊരു കാര്യം ഇതുവരെയും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേകമായിട്ടു് ഉന്നയിച്ചാൽ അതിനെപ്പറ്റി പരിശോധിക്കാവുന്നതാണു്.

ശ്രദ്ധജല വിതരണം

* 940. [3] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ വില്ലേജു് വാട്ടർസപ്ലൈ സ്കീം അനുസരിച്ചു് ഏതൊക്കെ പ്രദേശങ്ങളിൽ ശ്രദ്ധജലവിതരണം ചെയ്യുന്നതിനു തീരുമാനിച്ചു ;

(ബി) അവയിൽ ഏതെല്ലാം പൂർത്തിയായി ;

(സി) അവ എല്ലാംതന്നെ തൃപ്തികരമായി നടത്തപ്പെടുന്നുണ്ടോ ;

(ഡി) എറണാകുളം ജില്ലയിൽ ചേന്നൂർ പ്രദേശത്തു് സ്ഥാപിച്ച ശ്രദ്ധജലവിതരണ സ്കീം അനുസരിച്ചു് നല്ല വെള്ളംതന്നെ വിതരണം ചെയ്യാൻ കഴിയുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻ നായർ) :

(എ) 1962-63 സാമ്പത്തിക വർഷത്തിൽ വില്ലേജു് വാട്ടർ സപ്ലൈ സ്കീമനുസരിച്ചു് ശ്രദ്ധജലവിതരണം ചെയ്യുന്നതിനു നിശ്ചയിച്ച സ്ഥലങ്ങളുടെ ഒരു സ്റ്റേറ്റുമെൻറു മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

(ബി) ആറു്. പേരു് വിവരം മേൽപ്പറഞ്ഞ സ്റ്റേറ്റുമെൻറിൽ പ്രത്യേകം കാണിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ചേന്നൂർ സ്കീമിൽനിന്നും കിട്ടുന്ന ജലം തൃപ്തികരമല്ലാത്തതിനാൽ ശ്രദ്ധജലം ലഭിക്കുന്നതിനു വേണ്ട സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ടു്

ശ്രീ. കെ. ആർ. വിജയൻ : ഇവിടെ തന്നിട്ടുള്ള സ്റ്റേറ്റുമെൻറിൽ ആകെ 61 വാട്ടർ സപ്ലൈ സ്കീമുകളും ആരംഭിച്ചിട്ടു് അതിൽ ആറു് എണ്ണം മാത്രമാണു് പൂർത്തിയാക്കിയിട്ടുള്ളതെന്നു് കാണുന്നു. ബാക്കിയുള്ളതു് പൂർത്തിയാക്കാതിരിക്കുന്നതിനുള്ള കാരണമെന്തു് ? കഴിയുന്നതും വേഗം അതു് പൂർത്തിയാക്കാനുള്ള സത്വരനടപടികളും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബാക്കി പൂർത്തിയാക്കാനുള്ളതിന്റെ പണികളും നടന്നുകൊണ്ടിരിക്കുകയാണു്. അവിടേയ്ക്കു ആവശ്യമുള്ള പൈപ്പുകളും ഇംപോർട്ടു ചെയ്യാൻ കുറെ കാലതാമസം വന്നതുകൊണ്ടാണു് പണി പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായതു്. കാലതാമസംകൂടാതെ പൂർത്തിയാക്കുന്നതാണു്.

Appendix II

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 940(3)]

ഏ. 1962–63 സാമ്പത്തികവർഷത്തിൽ വില്ലേജ് വാട്ടർസപ്ലൈ പദ്ധതി അനുസരിച്ച് സ്റ്റേറ്റിൽ ആകെ 62 പദ്ധതികളാണ് തുടങ്ങി. അവ ജില്ലാ ക്രമത്തിൽ താഴെ കൊടുക്കുന്നു.

തിരുവനന്തപുരം.	1	മാരനെല്ലൂർ
	2	പെരുങ്കടവിള
കൊല്ലം.	1	കൊട്ടാരക്കര
	2	കുളത്തുപ്പുഴ
	3	അഞ്ചൽ
	4	പരവൂർ
	5	മലയംഭാഗം: മൺറോത്തുരുത്ത്
ആലപ്പുഴ.	1	വേഴപ്ര
	2	രാമൻകരി
	3	വെട്ടത്തുകടവ്
	4	ആറാട്ടുപുഴ
	5	നെടുമുടി
	6	കരുമാടി
	7	പല്ലന
കോട്ടയം.	1	രാമപുരം—പണി പൂർത്തിയായി
	2	വണ്ടിപ്പെരിയാർ
	3	ചെട്ടിപ്പുഴ
	4	മാങ്ങാനം } പണി പൂർത്തിയായി
	5	വണ്ടൻമേട് }
	6	തിരുവാർപ്പ്
	7	കട്ടിൽകുന്ന്
	8	ഉറുമ്പിക്കര
എറണാകുളം.	1	വാഴക്കുളം—പണി പൂർത്തിയായി
	2	കിഴക്കമ്പലം
	3	വരാപ്പുഴ
	4	മലയാറ്റൂർ
	5	പഴമ്പിള്ളി
തൃശ്ശൂർ	1	ചാലക്കുടി
	2	കണ്ടശ്ശാംകടവ്
	3	കരുമുക്ക്
	4	പാലാഴി
	5	താനിയം
	6	കിഴക്കേമുറി
പാലക്കാട്	1	ആർ. വി. പുരം
	2	കൊടുമ്പ
	3	ഇടപ്പാൾ
	4	പേരൂർ പത്തിരിപ്പാൽ
	5	വാണിയംകുളം
	6	ഇടത്തറ
	7	മങ്കര
	8	മണവട } പണി പൂർത്തിയായ
	9	കരുവപ്പാറ }

LIBRARY ARCHIVES Kerala Legislative Assembly

	10	നാട്ടുക്കൽ
	11	ആഞ്ഞുൽ
	12	പുഴിക്കാലം
കോർ കോട്ട്	1	ചുണ്ടൽ
	2	ഇരിങ്ങൽ
	3	ചോമ്പൽ
	4	വെള്ളികുളങ്ങര
	5	ഓർക്കാത്തേരി
	6	പുന്നൂർ
	7	പേരമ്പ്ര
	8	കോഴിക്കോട്ട ജില്ലയിൽ 32—ഫിൽട്ടർ പായിൻറ് കിണറുകൾ
	9	വെങ്ങളം കഴൽക്കിണർ
കണ്ണൂർ	1	കോട്ടഞ്ചേരി
	2	മധുരകൈ
	3	പഴയങ്ങാടി
	4	പാനൂർ
	5	ധർമ്മടം
	6	മാനന്തവാടി
	7	മുഴപ്പിലങ്ങാട്

LIBRARY ARCHIVES Kerala Legislative Assembly